**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1134** **14-03-2022 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി മണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി മണ്ഡലത്തിൽ പുനരുദ്ധാരണത്തിനായി ഭരണാനുമതി നൽകിയിട്ടുള്ളത് ഏതെല്ലാം റോഡുകൾക്കാണ്; വ്യക്തമാക്കാമോ; | (എ) | കുറ്റ്യാടി മണ്ഡലത്തിൽ 2021-22 വർഷത്തിൽ 'പൊക്ലാരത്ത് താഴെ മാണിക്കോത്ത് താഴെ പള്ളിയത്ത് റോഡ് കി.മീ. 2/700 മുതൽ 4/300 വരെ പുനരുദ്ധാരണ പ്രവൃത്തി' എന്ന പ്രവൃത്തിക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടറിങ് നടപടികൾ പുരോഗമിക്കുന്നു. കിഫ്ബിയിൽ ഉൾപ്പെടുത്തി കേരള റോഡ് ഫണ്ട് ബോർഡ് മുഖേന നടപ്പിലാക്കി വരുന്ന പ്രവൃത്തികൾ സംബന്ധിച്ച വിശദ വിവരം അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) | ടി പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്നും മഴക്കാലത്തിനു മുൻപ് പണി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കുമോയെന്നും അറിയിക്കാമോ ; | (ബി) | കുറ്റ്യാടി മണ്ഡലത്തിൽ 2021-22 വർഷത്തിൽ 'പൊക്ലാരത്ത് താഴെ മാണിക്കോത്ത് താഴെ പള്ളിയത്ത് റോഡ് കി.മീ. 2/700 മുതൽ 4/300 വരെ പുനരുദ്ധാരണ പ്രവൃത്തി' എന്ന പ്രവൃത്തിക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടറിങ് നടപടികൾ പുരോഗമിക്കുന്നു. കിഫ്ബിയിൽ ഉൾപ്പെടുത്തി കേരള റോഡ് ഫണ്ട് ബോർഡ് മുഖേന നടപ്പിലാക്കി വരുന്ന പ്രവൃത്തികൾ സംബന്ധിച്ച വിശദ വിവരം അനുബന്ധം I ആയി ചേർക്കുന്നു. |
| (സി) | ടി മണ്ഡലത്തിലെ തകരാറിലായ ഏതൊക്കെ റോഡുകളുടെ എസ്റ്റിമേറ്റുകൾക്കാണ് ഭരണാനുമതി നൽകാൻ ശേഷിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | പൊതുമരാമത്ത് നിരത്ത് വിഭാഗത്തിനു കീഴിൽ വരുന്ന റോഡുകളുടെ വിശദ വിവരങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു. കൂടാതെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനായി റണ്ണിംഗ് കോൺട്രാക്ട് സ്കീമിൽ ഉൾപ്പെടുത്താനുള്ള റോഡുകളുടെ പട്ടിക തയ്യാറാക്കാൻ എല്ലാ അസിസ്റ്റന്റ് എഞ്ചിനീയർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കിഫ്ബിയിൽ ഉൾപ്പെടുത്തി കേരള റോഡ് ഫണ്ട് ബോർഡ് മുഖേന നടപ്പിലാക്കി വരുന്ന റോഡ് പ്രവൃത്തികളിൽ കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭ്യമാക്കാനുള്ള റോഡ് കുറ്റ്യാടി - നാദാപുരം - പെരിങ്ങത്തൂർ എയർപോർട്ട് |

| | | | |
|---|---|---|---|
| | | | കണക്റ്റിവിറ്റി റോഡാണ്. എന്നാൽ ടി റോഡിന്റെ അറ്റകുറ്റപണികൾക്കായി 11-11-2021-ൽ 20ലക്ഷം രൂപയുടെ ഭരണാനുമതി കേരള റോഡ് ഫണ്ട് ബോർഡിൽ നിന്നും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം I

1. **<u>കുട്ടോത്ത് അട്ടകുണ്ട്കടവ് റോഡ്</u>**

ടി പ്രവൃത്തിക്ക് സ്ഥലം ഏറ്റെടുക്കുന്നതിനായി 01-12-2020-ൽ 10 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ട്. പ്രസ്തുത റോഡിന്റെ ഉപരിതലം പുതുക്കുന്നതിനായി 18.11.2021-ൽ 2.699 കോടി രൂപയുടെ സാമ്പത്തികാനുമതിയും കിഫ്ബിയിൽ നിന്നും ലഭ്യമായിട്ടുണ്ട്. ടി പ്രവൃത്തി ടെണ്ടർ ചെയ്ത് കരാറുകാരനെ തിരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്.

**2. <u>വടകര - വില്ല്യാപ്പള്ളി - ചേലക്കര -റോഡ്</u>**

ടി പ്രവൃത്തിക്ക് 01-12-2020-ൽ 58.299 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും ലഭ്യമായിട്ടുണ്ട്. ടി പ്രവൃത്തി കിഫ്ബി ഡിസൈൻ റിവ്യൂ ചെയ്ത് അന്തിമ അലൈൻമെന്റ് തയ്യാറാക്കുന്ന ഘട്ടത്തിലാണ്.

**<u>3. കുറ്റ്യാടി - നാദാപുരം - പെരിങ്ങത്തൂർ എയർപോർട്ട് കണക്റ്റിവിറ്റി റോഡ്</u>**

പ്രസ്തുത പ്രവൃത്തിക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ മറ്റ് തുടർ നടപടികൾ കേരള റോഡ് ഫണ്ട് ബോർഡിൽ സ്വീകരിച്ചു വരുന്നു.

# <u>അനുബന്ധം I</u>

1. **<u>കുട്ടോത്ത് അട്ടകുണ്ട്കടവ് റോഡ്</u>**

ടി പ്രവൃത്തിക്ക് സ്ഥലം ഏറ്റെടുക്കുന്നതിനായി 01-12-2020-ൽ 10 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ട്. പ്രസ്തുത റോഡിന്റെ ഉപരിതലം പുതുക്കുന്നതിനായി 18.11.2021-ൽ 2.699 കോടി രൂപയുടെ സാമ്പത്തികാനുമതിയും കിഫ്ബിയിൽ നിന്നും ലഭ്യമായിട്ടുണ്ട്. ടി പ്രവൃത്തി ടെണ്ടർ ചെയ്ത് കരാറുകാരനെ തിരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്.

2. **<u>വടകര - വില്ല്യാപ്പള്ളി - ചേലക്കര -റോഡ്</u>**

ടി പ്രവൃത്തിക്ക് 01-12-2020-ൽ 58.299 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും ലഭ്യമായിട്ടുണ്ട്. ടി പ്രവൃത്തി കിഫ്ബി ഡിസൈൻ റിവ്യൂ ചെയ്ത് അന്തിമ അലൈൻമെന്റ് തയ്യാറാക്കുന്ന ഘട്ടത്തിലാണ്.

3. **<u>കുറ്റ്യാടി - നാദാപുരം - പെരിങ്ങത്തൂർ എയർപോർട്ട് കണക്ടിവിറ്റി റോഡ്</u>**

പ്രസ്തുത പ്രവൃത്തിക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ മറ്റ് തുടർ നടപടികൾ കേരള റോഡ് ഫണ്ട് ബോർഡിൽ സ്വീകരിച്ചു വരുന്നു.

# അനുബന്ധം II

| ക്രമ നം. | പ്രവൃത്തിയുടെ പേര് | തുക |
|---|---|---|
| 1 | അടിയന്തര ബി.ടി.പാച്ച് പ്രവൃത്തി വട്ടോളി-പാതിരിപ്പറ്റ റോഡ് കി.മി. 0/000-3/000 | 10 ലക്ഷം |
| 2 | ആർ.ബി.ടി വട്ടോളി - പാതിരിപ്പറ്റ റോഡ് കി.മീ. 3/000-4/250 | 20 ലക്ഷം |
| 3 | ആർ.ബി.ടി കനിങ്ങാട് -പുറമേരി-വേറ്റമ്മൽ റോഡ് കി.മീ. 0/000-1/200 | 25 ലക്ഷം |
| 4 | അടിയന്തര ബി.ടി.പാച്ച് കുറ്റ്യാടി, വലക്കെട്ട് - കൈതപ്രം കടവ് റോഡ് കി.മീ 5/000-9/000 | 15 ലക്ഷം |
| 5 | അടിയന്തര ബി.ടി പാച്ച് കുളങ്ങരത്ത് അരൂര്-ഇളികപ്പഴ റോഡ് കി.മീ. 6/700-7/200 | 5 ലക്ഷം |
| 6 | കുറ്റ്യാടി, വലക്കെട്ട്-കൈപ്രം കടവ് റോഡ് റീട്ടെയിനിംഗ് വോൾ നിർമ്മാണം | 2.1 ലക്ഷം |
| 7 | അടിയന്തര ബി.ടി.പാച്ച് പള്ളിയത്ത് പെരുവയൽ റോഡ് 0/000-4/300 | 10 ലക്ഷം |